**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2779** **13-02-2024 - ൽ മറുപടിയ്ക്ക്**

**ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് വൈദ്യുതി കണക്ഷൻ ഇളവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് എന്തെല്ലാം ഇളവുകളാണ് സർക്കാർ നൽകി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | BPL വിഭാഗത്തിൽപ്പെട്ട 1000 watts വരെ കണക്ടഡ് ലോഡുള്ള കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ തനതു ഫണ്ടുപയോഗിച്ച് നൽകി വരുന്നു. |
| (ബി) | വൈദ്യുതി ബില്ലിൽ ബി.പി.എൽ. വിഭാഗക്കാർക്ക് നിലവിലുള്ള സൗജന്യങ്ങൾ എന്തൊക്കെയാണ്; ഇത്തരം കുടുംബങ്ങൾക്ക് സൗജന്യമായി ഉപയോഗിക്കാൻ അനുമതിയുള്ളത് എത്ര യൂണിറ്റ് വൈദ്യുതിവരെയാണെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്ത്, താഴെ പറയുന്ന ആനുകൂല്യങ്ങളാണ് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് നൽകി വരുന്നത്.<br><br>i) പ്രതിമാസം 30 യൂണിറ്റ് വരെ ഉപയോഗമുള്ള 500 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ള സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥ യിലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവണ്മെന്റ് സബ്സിഡി നൽകി വൈദ്യുതി സൗജന്യമായാണ് നൽകി വരുന്നത്. ടി ആനുകൂല്യം 11,223 ഉപഭോക്താക്കൾക്ക് ലഭിക്കുന്നു.<br><br>ii) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ താരിഫ് ഉത്തരവ് പ്രകാരം പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ള, 1000 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താ ക്കൾക്ക് യൂണിറ്റ് ഒന്നിന് 1.50 രൂപ നിരക്കിലാണ് വൈദ്യുതി നൽകിവരുന്നത്. ഈ വിഭാഗത്തിൽ നിന്ന് ഫിക്സഡ് ചാർജ് ഒന്നും തന്നെ ഈടാക്കി വരുന്നില്ല.<br><br>iii) കോവിഡാനന്തരകാലത്ത്, സമാശ്വാസ പദ്ധതി എന്ന നിലയിൽ പ്രതിമാസം 41 യൂണിറ്റ് മുതൽ 50 യൂണിറ്റ് വരെ പ്രതിമാസം ഉപഭോഗമുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോ ക്താക്കൾക്ക് കൂടി (1000 വാട്ട്സിൽ താഴെ) സബ്സിഡി നൽകി യൂണിറ്റ് ഒന്നിന് 1.50 രൂപ നിരക്കിൽ വൈദ്യുതി നൽകുന്നതിനായി, സംസ്ഥാന സർക്കാർ ഉത്തരവ് |

| | | | |
|---|---|---|---|
| | | | (G.O.(RT) No. 84/2021/PD dated 28.06.2021) പുറപ്പെടുവിച്ചിട്ടുണ്ട്. ടി ആനുകൂല്യം 3200 ഉപഭോക്താക്കൾക്ക് ലഭിക്കുന്നു.<br><br>iv) കൂടാതെ കാൻസർ ബാധിച്ചതോ അപകടമോ പോളിയോ മൂലമോ സ്ഥിരമായ ഭിന്നശേഷത്വം സംഭവിച്ചതോ ആയ വ്യക്തി അംഗങ്ങൾ ആയ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുബങ്ങൾക്ക് പ്രതിമാസം 100 യൂണിറ്റ് വരെ 1.5 രൂപ നിരക്കിൽ വൈദ്യുതി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>**സംഗ്രഹം**</u>

ഊർജ്ജ വകുപ്പ് - കോവിഡ്-19 രോഗവ്യാപനം മുഖേനയുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നത് - കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ വൈദ്യുത ഉപഭോക്താക്കൾക്കുള്ള ആശ്വാസ പദ്ധതികൾ നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.84/2021/ഊ.വ തീയതി,തിരുവനന്തപുരം, 28/06/2021

---

പരാമർശം:- ബഹു:വൈദ്യുതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 01/06/2021 ന് നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

<u>**ഉത്തരവ്**</u>

കോവിഡ്-19 രോഗവ്യാപനത്തിലെ നിലവിലെ രണ്ടാം തരംഗത്തിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ സർക്കാർ വിശദമായി പരിശോധിച്ചു.

**I.**വാണിജ്യ/വ്യാവസായിക ഉപഭോക്താക്കൾക്കും സിനിമാ തീയറ്ററുകൾക്കും ചുവടെ പറയുന്ന ഇളവുകൾ അനുവദിക്കുന്നതിന് കെ.എസ്.ഇ.ബി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവാകുന്നു.

| | |
|---|---|
| i). | സംസ്ഥാനത്തെ വാണിജ്യ/വ്യാവസായിക ഉപഭോക്താക്കൾക്ക് 2021 മെയ് മാസത്തെ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 25% ഇളവ് നൽകുക. |
| ii). | സംസ്ഥാനത്തെ സിനിമ തീയറ്ററുകൾക്ക് 2021 മെയ് മാസത്തെ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 50% ഇളവ് നൽകുക. |
| iii). | മേൽപറഞ്ഞ വിഭാഗങ്ങൾക്ക് ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിന്മേൽ നൽകുന്ന ഇളവുകൾ കഴിച്ച് ബാക്കിയുള്ള തുക അടയ്ക്കുന്നതിന് 30.09.2021 വരെ പലിശ രഹിതമായി മൂന്ന് തവണകൾ അനുവദിക്കുക. |
| iv). | മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഉപഭോക്തൃ വിഭാഗങ്ങൾ പ്രസ്തുത കാലയളവിലെ ബിൽ തുക ഭാഗികമായോ പൂർണ്ണമായോ അടച്ചിട്ടുണ്ടെങ്കിൽ തുടർന്നുള്ള ബില്ലുകളിൽ ക്രമപ്പെടുത്തി നൽകുക. |

പൊതുതാല്പര്യം കണക്കിലെടുത്ത് ഇക്കാര്യം സുഗമമായി നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബി ലിമിറ്റഡിന് കമ്പനിയുടെ ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ വകുപ്പ് 55 പ്രകാരവും , ഇതു നയപരമായ ഒരു തീരുമാനമായി അംഗീകരിക്കുന്നതിന് സെക്ഷൻ 108 ഇലക്ട്രിസിറ്റി ആക്ട് 2003 പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനും നിർദ്ദേശം നൽകുന്നു.

**II.**കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ വൈദ്യുതി ഉപഭോക്താക്കൾക്ക് വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ മുൻകൂർ അനുമതിയോടു കൂടി ചുവടെ പറയുന്ന ആശ്വാസ പദ്ധതികൾ നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബി ലിമിറ്റഡിന് അനുമതി നൽകുന്നു.

| | |
|---|---|
| i) | 29.09.1997 മുതൽ 500 വാട്ട്സ് വരെ "കണക്ടഡ് ലോഡ്" ഉള്ളതും പ്രതിമാസ ശരാശരി ഉപഭോഗം 20 യൂണിറ്റുവരെ മാത്രം ഉള്ളതുമായ ഗാർഹിക ഉപഭോക്താക്കൾക്ക് സർക്കാർ സബ്സിഡിയോടുകൂടി സൗജന്യമായി വൈദ്യുതി നൽകി വരുന്ന പദ്ധതി "കണക്ടഡ് ലോഡ്" പരിധി വ്യത്യാസപ്പെടുത്താതെ പ്രതിമാസം 30 യൂണിറ്റ് വരെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് കൂടി നൽകുക. |
| ii) | 1000 വാട്സ് വരെ കണക്ടഡ് ലോഡ് ഉള്ളതും പ്രതിമാസം 40 യൂണിറ്റുവരെ മാത്രം ഉപഭോഗം ഉള്ളതുമായ BPL വിഭാഗത്തിൽപെടുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ യൂണിറ്റൊന്നിനു നിശ്ചയിച്ചിട്ടുള്ള 1.50 രൂപ എന്ന നിരക്ക് "കണക്ടഡ് ലോഡ്" പരിധി വ്യത്യാസപ്പെടുത്താതെ പ്രതിമാസം 50 യൂണിറ്റ് വരെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് കൂടി നൽകുക. |

ബന്ധപ്പെട്ട ബോർഡ് ഉത്തരവുകൾ കെ.എസ്.ഇ.ബി ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിക്കേണ്ടതും, ഈ വിഷയത്തിൽ വൈദ്യുത റെഗുലേറ്ററി കമ്മീഷനുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട തുടർ നടപടികളെടുക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ബി.അശോക്.ഐ.എ.എസ്
സെക്രട്ടറി

പകർപ്പ്
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ കെ.എസ്.ഇ.ബി ലിമിറ്റഡ്,തിരുവനന്തപുരം.
സെക്രട്ടറി. കെ.എസ്.ഇ.ആർ.സി., കെ.പി.എഫ്.സി.ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്),കേരളം, തിരുവനന്തപുരം.
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ